9 -ാം വർഷം
2026
ഒക്ടോബർ 04, 2026
സ്ലീവാ മൂന്നാം ഞായർ

*Laity Reflect on*
**Syro-Malabar Sunday Mass**
**SCRIPTURE READINGS**



# ഭൂമിയിൽ ഉയർത്തപ്പെട്ട വെളിച്ചം

ഉത്പ 41:37-45, ഹെബ്രാ 1:1-4, യോഹ 12:27-36

നാരായണഗുരുവിന്റെ 'ആത്മോപദേശ ശതകം' ആരംഭിക്കുന്ന ശ്ലോകം പ്രപഞ്ചത്തിന്റെ അകത്തും പുറത്തും പ്രകാശിക്കുന്ന ചൈതന്യത്തെ കുറിച്ചാണ്;

'അറിവിലുമേറിയറിഞ്ഞിടുന്നവൻ
തന്നുരുവിലുമൊത്തു
പുറത്തുമുജ്ജ്വലിക്കും'

പ്രകാശത്തെ, അഗ്നിയെ സ്നേഹിച്ചും ഭയന്നുമാണ് മനുഷ്യവംശം മുന്നോട്ട് പോകുന്നത്. പർവ്വതങ്ങൾക്ക് പുറകിൽ നിന്നും കണ്ണെത്താക്കടലിനപ്പുറത്ത് നിന്നും ഉയർന്നുവരുന്ന സൂര്യനും ചന്ദ്രനും ആദ്യ മണിക്കൂറുകളിൽ അവനിൽ അത്ഭുതവും പിന്നീട് ജീവിതവുമായി മാറി. അവ കണ്ണിൽ നിന്ന് മറയുമ്പോൾ നിറയുന്ന ഇരുട്ട് അവന്റെ മനസ്സിൽ ഭയവും ആകുലതയും നിറച്ചു. അതു കൊണ്ടുതന്നെ മിന്നാമിനുങ്ങിന്റെ ചെറുവെളിച്ചം പോലും അവന് ഇരുളിൽ സന്തോഷമേകി.
ചങ്ങമ്പുഴ രമണനിൽ പാടി,
'ഒരു ദിവസമീയിരുളെല്ലാം നീങ്ങും
വരുമുദയത്തിൻ നിഴലാട്ടം'

യേശു ആരാണെന്ന് തിരിച്ചറിയാൻ നമ്മെ സഹായിക്കുന്നതാണ് യോഹന്നാന്റെ സുവിശേഷഭാഗങ്ങൾ. ദൈവീക മഹത്ത്വത്തിലേക്ക് യേശു പ്രവേശിക്കുന്നത് പീഡാസഹനവും കുരിശുമരണവും വഴിയാണ് എന്ന് നാം മനസ്സിലാക്കുമ്പോഴാണ് ഇന്നത്തെ വായനയിൽ പറയുന്ന 'ഞാൻ ഭൂമിയിൽ നിന്ന് ഉയർത്തപ്പെടുമ്പോൾ', 'മനുഷ്യൻ ഉയർത്തപ്പെടേണ്ടിയിരിക്കുന്നു' എന്നീ ഭാഗങ്ങളുടെ അർത്ഥത്തിന്റെ ആഴവും ദൂരവും നമുക്ക് ബോദ്ധ്യപ്പെടുക. ഭൂമിയുടെ കെട്ടുകളിൽ നിന്ന് സ്വയം മോചിപ്പിക്കുന്നതിലൂടെ മനുഷ്യന് കൂടുതൽ ഉയരത്തിലേക്ക് എത്താൻ കഴിയും എന്നും അതിന് സഹനം



അഡ്വ. ലിറ്റോ പാലത്തിങ്കൽ

അനിവാര്യമാണെന്നു മുള്ള യാഥാർ ത്ഥ്യവുമായി നാം ഇനിയുമേറെ പൊരുത്തപ്പെടേണ്ടതുണ്ട്. അങ്ങനെ ഇരുളിൽ നിന്നും നിത്യമായ വെളിച്ചം തേടുന്ന ആത്മീയ അന്വേഷണമാണ് നമ്മുടെ ജീവിതത്തെ മെച്ചപ്പെടുത്തുക.

ഇതേ സുവിശേഷത്തിന്റെ മൂന്നാമദ്ധ്യായത്തിൽ യേശുവിനെ അന്വേഷിച്ചെത്തുന്ന നിക്കോദേമോസ് എന്നൊരു ഫരിസേയനുണ്ട്. അയാൾ പ്രമാണിയായിരുന്നു, ഇസ്രായേലിലെ ഗുരുവായിരുന്നു എന്നെല്ലാമാണ് സുവിശേഷം പറയുന്നത്. പക്ഷേ അവൻ യേശുവിനെ അന്വേഷിച്ചെത്തുന്നത് രാത്രിയാണ്. കാരണം വ്യക്തമാണ്. 'വെളിച്ചം ദു:ഖമാണ്' പലപ്പോഴും നൽകുക, ഇരുട്ടിന്റെ മറവാണ് ഈ ഭൂമിയിൽ സുഖകരം. നിക്കോദേമോസിനോട് യേശു പറയുന്നു. 'പ്രകാശം ലോകത്തിലേക്ക് വന്നിട്ടും മനുഷ്യർ പ്രകാശത്തേക്കാൾ അധികമായി അന്ധകാരത്തെ സ്നേഹിച്ചു. കാരണം, അവരുടെ പ്രവൃത്തികൾ തിന്മനിറഞ്ഞതായിരുന്നു. തിന്മ പ്രവർത്തിക്കുന്നവൻ പ്രകാശത്തെ വെറുക്കുന്നു. അവന്റെ പ്രവൃത്തികൾ വെളിപ്പെടാതിരിക്കുന്നതിന് അവൻ വെളിച്ചത്തു വരുന്നുമില്ല. സത്യം പ്രവർത്തിക്കുന്നവൻ വെളിച്ചത്തിലേക്ക് വരുന്നു. അങ്ങനെ അവന്റെ പ്രവൃത്തികൾ ദൈവൈക്യത്തിൽ ചെയ്യുന്നവയെന്ന് വെളിപ്പെടുന്നു.'

മാനുഷികമായ ദൗർബല്യങ്ങളെ, ആത്മീയതയിലും വിശുദ്ധിയിലും ത്യാഗത്തിലും നിസ്വാർത്ഥതയിലും അവൻ മുന്നോട്ട് പോകുമ്പോൾ ഉണ്ടാകുന്ന ഈലോക താത്പര്യങ്ങളുടെ പിൻവിളികളെ, ആ പിന്നോട്ട് വലിക്കലിനെ സ്വയം മറികടന്ന് ഒഴുക്കിനെതിരെ ആഞ്ഞാഞ്ഞ് തുഴഞ്ഞ് ജീവിതവഞ്ചിയെ ലൗകീക തിരമാലകൾ മുറിച്ചു കൊണ്ടുപോകുക ആർക്കും എളുപ്പമല്ല എന്നതാണ് ഇന്നത്തെ സുവിശേഷത്തിന്റെ ആദ്യവരികളിലെ യേശുവിന്റെ അസ്വസ്ഥതയിലൂടെ വെളിവാകുന്നത്. ജീവിതത്തിന്റെ ലക്ഷ്യപ്രാപ്തിയിലേക്ക് നടന്നടുക്കുന്നവന്റെ കിതപ്പാണത്. എവറസ്റ്റ് കൊടുമുടിയുടെ ഏറ്റവും അറ്റത്തെ ചെറിയ ദൂരം എത്തിപ്പിടിക്കുക എത്ര ദുർഘടമാണ് എന്ന് നാം വായിക്കുന്നുണ്ട്. ശ്വാസംപോലും നിലക്കുന്ന, പേശികൾ വലിഞ്ഞ് മുറുകുന്ന ആ അവസ്ഥയെ പർവ്വതാരോഹകർ മറികടക്കുന്നത് അനേകനാളത്തെ മുന്നൊരുക്കവും കഠിന പരിശീലനവും ആത്മവിശ്വാസവും മനക്കരുത്തും കൊണ്ടാണ്. മനുഷ്യന് ഉണ്ടാകുന്ന സഹനങ്ങളിൽ, കഷ്ടതകളിൽ പ്രലോഭനങ്ങളിൽ ഈ കിതപ്പ് നാം എന്നും അനുഭവിക്കുന്നുണ്ട്.

മനുഷ്യന്റെ വിഷാദ ചിന്തകളെ ദൈവത്തിലേക്കുള്ള പ്രത്യാശകളും വിശ്വാസവുമായി മാറ്റുന്ന വരികൾ 42-ാം സങ്കീർത്തനത്തിൽ നിന്ന് ഓർത്തെടുക്കുകയാണ് യേശുവിന്റെ ഇന്നത്തെ നെടുവീർപ്പുകളിൽ നാം വായിക്കുക. ഇതാണ് തുടർന്നുള്ള വരികളിൽ ഉയർന്ന് വരുന്ന പ്രതീക്ഷയുടെ പ്രകാശം. അന്ധകാരം നമ്മെ കീഴടക്കാതിരിക്കാൻ പ്രകാശത്തെ നാം ആശ്രയിക്കുകയും ആ പ്രകാശത്തിന്റെ സ്രോതസ്സിനെ നാം ലക്ഷ്യം വെക്കുകയും ആ പ്രകാശത്തെ നാം ധരിക്കുകയും ചെയ്യണം എന്ന് സുവിശേഷം പലയിടത്തും നമ്മെ ഓർമ്മിപ്പിക്കുന്നുണ്ട്.

ആനന്ദിന്റെ 'മരണസർട്ടിഫിക്കറ്റ്' എന്ന കൃതിയിലും തുടർ ചർച്ചകളിലും ആവർത്തിക്കുന്ന ഒരാശയമുണ്ട്; ചരിത്രത്തിൽ ഇന്നുവരെ ഇരുട്ടിന്, വെളിച്ചത്തെ തോല്പിക്കാൻ കഴിഞ്ഞിട്ടില്ല. ഇരുട്ടിനോട് പൊരുതി നില്ക്കാൻ വെളിച്ചത്തിനേ സാധിക്കൂ, അത് ചെയ്യാൻ വേറൊരു ഇരുട്ടിന് ആവില്ല.

യേശുവിനെ അടുത്തറിയാനും മനസ്സിലാക്കാനും അനുകരിക്കാനും പിന്തുടരാനും സാധിക്കുകയാണ് നമ്മുടെ ആത്മീയ ജീവിത രീതിയെങ്കിൽ അതിൽ പ്രകാശത്തിന് മാത്രമാണ് സ്ഥാനം ഉണ്ടാവേണ്ടത്. ഇരുട്ടിന്റെ, മറവിന്റെ, ഒളിവിന്റെ, അകങ്ങൾ ഒരിക്കലും വിശുദ്ധമാകില്ല, ശുദ്ധമാകില്ല, വൃത്തിയുള്ളതാകില്ല. അത് കൊണ്ടാണ് യേശു പറഞ്ഞ് നിർത്തുന്നത്, നിങ്ങൾ പ്രകാശത്തിന്റെ മക്കളാകേണ്ടതിന് നിങ്ങൾക്ക് പ്രകാശമുള്ളപ്പോൾ അതിൽ വിശ്വസിക്കുവിൻ. കാര്യങ്ങൾ, സത്യാവസ്ഥകൾ, യാഥാർത്ഥ്യങ്ങൾ എന്നിവ മനസ്സിലാക്കാനും അവസരവും ശക്തിയും ബുദ്ധിയും പ്രാപ്തിയുമുള്ള പ്രായത്തിൽ, അവസരത്തിൽ അതിന് നാം തയ്യാറാകണം. തെറ്റുകൾ തിരുത്തുന്നത് പിന്നീടാവട്ടെ എന്ന മട്ടിൽ അലസരാകാതെ പ്രകാശത്തിലേക്ക്, വെളിച്ചത്തിലേക്ക്, എല്ലാം വ്യക്തതയോടെ എല്ലാവർക്കും മനസ്സിലാവുന്നത്ര സുതാര്യമായ ജീവിതത്തിലേക്ക്, തുറന്ന ഇടങ്ങളിലേക്ക് നടന്ന് തുടങ്ങാൻ, പ്രകാശമുള്ളിടത്തേക്ക് കടന്ന് നില്ക്കാൻ നാം തയ്യാറാവണം. അതിന് ആ മണിക്കൂർ ഇനിയും ആയിട്ടില്ല, ഇനിയും സമയമുണ്ടല്ലോ എന്നു കരുതി ആരും ഒന്നും മാറ്റി വെക്കരുത്. 'പ്രകാശമുള്ളപ്പോൾ' എന്ന് യേശു പറയുന്നത് അത് കൊണ്ടാണ്. എപ്പോഴും നമുക്ക് നമ്മുടെ ബുദ്ധിയേയും ശരീരബലത്തേയും ലൗകീക ധൈര്യങ്ങളെയും മാത്രം ആശ്രയിക്കാനും വിശ്വസിക്കാനും ആകണമെന്നില്ല. ദുർബലനായ മനുഷ്യന് ശരീരത്തിലും ചിന്തയിലും ഇരുട്ട് ബാധിക്കാൻ എത്ര സമയം വേണം? ആ അപകടം മുന്നേയറിയാൻ, അതിൽ ചെന്ന് വീഴാതിരിക്കാൻ 'പ്രകാശമുള്ളപ്പോൾ' നടന്ന് തുടങ്ങാൻ യേശു ആവശ്യപ്പെടുന്നു.

നമ്മുടെ ശരീരവും, മനസ്സുപോലും എപ്പോഴും എന്നും നമ്മുടെ താത്പര്യങ്ങൾക്കും തീരുമാനങ്ങൾക്കും വഴങ്ങണമെന്നില്ലല്ലോ? അപ്പോൾ വിളക്കിലെ എണ്ണ തീരും മുമ്പ് ഇപ്പോൾ ലഭിക്കുന്ന ആ വെളിച്ചത്തിന്റെ സാന്നിദ്ധ്യം നമ്മുടെ ജീവിതത്തിൽ അടുത്ത കാൽവെപ്പിനുള്ള ധൈര്യമായി മാറ്റണം. ലൗകീകമായ പലതും വേണ്ടെന്ന് വെക്കാൻ, വേണ്ട എന്ന് ഉറക്കെ പറയാൻ ആവശ്യമായ ധൈര്യം നമ്മുടെ മനസ്സിൽ ഇപ്പോൾ ഉള്ള വെളിച്ചം നമുക്ക് തരണം. നമുക്ക് ഇന്ന് മുതൽ പ്രകാശത്തിലേക്ക് നടന്ന് തുടങ്ങാം. അനാവശ്യമായ ചിന്തകളും ആകാംക്ഷകളും ഉപേക്ഷിച്ച് നമുക്ക് വെളിച്ചം ലക്ഷ്യമാക്കി നടക്കാം. ഭൂമിയിൽ ഉയർത്തപ്പെട്ട പ്രകാശ ഗോപുരമായ കുരിശ് നമ്മെ ആകർഷിക്കുന്നുണ്ട്. ആ കുരിശിലേക്കുള്ള വഴി നമ്മുടെ ഇനിയുള്ള ജീവിതത്തെ പ്രകാശ പൂർണ്ണമാക്കട്ടെ.

*(കേരള ഹൈക്കോടതി അഭിഭാഷകനും സാമൂഹ്യപ്രവർത്തകനും ആണ് ലേഖകൻ)*

▲ Editors : Rev. Dr. GEORGE NELLISSERY email: nellisseryg@gmail.com | Rev. VARGHESE KANNAMPILLY email: baijukannampilly@gmail.com
▲ Co-ordinator : SHIJU ACHANDY email: shijuachandy@gmail.com ▲ WEB Hosting : JIJO PANTHALLOOR www.Veeble.com
▲ Layout and Composing : BLYTH GRAPHICS email: blythbiju@gmail.com ▲ Publisher : Rev. PAUL KOTTACKAL (Sr.) email: frpaulkottackal@gmail.com